(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) 25-6-2015-ൽ നടന്ന എസ്.റ്റി.എ. തീരുമാനമനുസരിച്ച് ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിസർച്ച് & ഡെവലപ്മെന്റ് ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വള്ളിക്കാപ്പറ്റയിൽ ബസ് സ്റ്റോപ്പ്

351 (362) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ-മഞ്ചേരി റൂട്ടിലെ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി-യുടെ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഇത് വരെ സ്റ്റോപ്പ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര ബസ്സുകൾക്ക് വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പെരിന്തൽമണ്ണ യൂണിറ്റധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അമിതവേഗം നിയന്ത്രിക്കുന്നതിന് നിരീക്ഷണ ക്യാമറകൾ

352 (363) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ടൗണിൽ ചങ്ങനാശ്ശേരി ബൈപാസ്സിൽ വാഹനങ്ങളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപകടങ്ങൾ സാധാരണമായ പ്രസ്തുത റോഡിൽ ക്യാമറകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) പ്രായോഗികത പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കാവുന്നതാണ്.

മോട്ടോർവാഹന നികുതി വർദ്ധന

353 (364) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മോട്ടോർ വാഹന നികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം ; എത്രമാത്രം വർദ്ധനവാണ് നടത്തിയിട്ടുള്ളത് ; ഈയിനത്തിൽ എത്ര രൂപയുടെ അധിക വരുമാനമാണ് നേടാൻ കഴിഞ്ഞത്?

ഉത്തരം

വർദ്ധിപ്പിച്ചിട്ടുണ്ട്. 4 പ്രാവശ്യം. വിവിധതരം വാഹനങ്ങൾക്ക് വിവിധ രീതിയിലാണ് വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. 2014-15 വരെയുള്ള സാമ്പത്തിക വർഷത്തിൽ പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നികുതി ഇനത്തിലും നികുതി കുടിശ്ശിക ഇനത്തിലും ചേർന്ന് ആകെ 680,25,60,362 രൂപ അധിക വരുമാനമായി നേടിയിട്ടുണ്ട്. 52.12 ശതമാനം വർദ്ധനവാണ് ഇത്തരത്തിൽ നേടിയിട്ടുള്ളത്.

മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്

354 (365) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly